ഉത്തരം

(എ) ആകെ 64,00,534 കാർഡുകൾ ചുവടെ ചേർത്തിരിക്കുന്ന വിഭാഗങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്:

1.	എ.പി.എൽ, കാർഡുകൾ	..	43,73,740
2.	ബി.പി.എൽ. ,,	..	16,66,708
3.	എ.എ.വൈ. ,,	..	3,52,029
4.	താൽക്കാലിക ,,	..	8,057

എ.പി.എൽ., ബി.പി.എൽ. കാർഡുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) എ.പി.എൽ., ബി.പി.എൽ. തരംതിരിവിനുള്ള മാനദണ്ഡം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. അതാത് ഗ്രാമ/വാർഡ് സഭകൾക്കാണ് എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളെ തരംതിരിച്ച് പട്ടിക തയ്യാറാക്കുന്നതിനുള്ള അധികാരം. ഇതിനായി കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.‡

(സി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് ഈ സാമ്പത്തിക വർഷം ഗ്രാമവികസന വകുപ്പ് നടത്തിയിട്ടുള്ള സർവ്വേയുടെ അടിസ്ഥാനത്തിൽ എ.പി.എൽ., ബി.പി.എൽ. തരംതിരിവ് പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. അതനുസരിച്ച് ഗ്രാമ/വാർഡ് സഭകൾ തയ്യാറാക്കുന്ന ലിസ്റ്റിന് അന്തിമരൂപം നൽകിയ ശേഷമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി, ഇ) ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി ശ്രദ്ധയിൽപ്പെടുത്തിയ തെറ്റുകൾ എല്ലാം പരിഹരിച്ച ശേഷമാണ് പുതിയ കാർഡുകൾ പ്രാബല്യത്തിൽ കൊണ്ടു വന്നത്. അതിനുശേഷവും കാർഡുടമകൾ ചൂണ്ടിക്കാണിച്ച തെറ്റുകൾ തിരുത്തി നൽകിയിട്ടുണ്ട്. ഇനിയും തെറ്റുകൾ തിരുത്തപ്പെടാതെ അവശേഷിക്കുന്ന കാർഡുകൾ ഉണ്ടെങ്കിൽ കാർഡുടമകൾ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് തിരുത്തി നൽകുന്നുണ്ട്.

ഉച്ചക്കഞ്ഞി വിതരണത്തിന് നൽകുന്ന ഭക്ഷണ സാധനങ്ങൾക്ക് ലഭിക്കാനുള്ള തുക

51 [1058] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിന് നൽകുന്ന ഭക്ഷണ സാധനങ്ങളുടെ വിലയിനത്തിൽ 2001 മാർച്ച് വരെ എത്ര രൂപ ഗവൺമെന്റിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര രൂപ ഗവൺമെന്റിൽനിന്നും കോർപ്പറേഷന് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

† അനുബന്ധം—8

‡ അനുബന്ധം—8എ

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001 മെയ് മാസം മുതൽ നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപയുടെ ഭക്ഷ്യസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടെന്നും അതിൽ എത്ര രൂപ സർക്കാരിൽനിന്നും കോർപ്പറേഷന് ലഭിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 100,53,69,718 രൂപ.

(ബി) 85,80,58,264 രൂപ.

(സി) 108,58,03,975 രൂപയുടെ സാധനങ്ങൾ 2001 മേയ് മാസം മുതൽ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. അതിൽ 33,21,10,155 രൂപ സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ വിലനിലവാരം

52 [1059] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചു;

(ബി) 2001 മാർച്ച് മാസം അരി, മുളക്, പയറു വർഗ്ഗങ്ങൾ എന്നിവയുടെ വില എന്തായിരുന്നു; ഇപ്പോൾ എത്രയാണ്;

(സി) പൊതുകമ്പോളത്തിലെ ഇവയുടെ വില എത്രയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവേലി സ്റ്റോറുകൾവഴി വിൽപ്പന നടത്തുന്ന സാധനങ്ങളുടെ വില ഒരുമിച്ച് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യാറില്ല. എല്ലാ മാസവും സർക്കാർ തലത്തിൽ പരിശോധിക്കുകയും പൊതുവിപണിയിൽ അപ്പപ്പോഴുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് വിലയിൽ വ്യത്യാസം വരുത്തുകയുമാണ് ചെയ്യാറ്.

(ബി) ഇതു സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇതു സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.‡

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

53 [1060] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം-9

‡ അനുബന്ധം-9എ

LIBRARY ARCHIVES Kerala Legislative Assembly